
മുകുരം

# ബാലികാമഠം എച്ച്.എസ്സ്.എസ്സ് തിരുവല്ല



# ലിറ്റിൽ കൈറ്റ്സ്

# പ്രണാമം



ശ്രീ. കണ്ടത്തിൽ വർഗീസ് മാപ്പിള
സ്കൂൾ സ്ഥാപകൻ



മിസ്. ബ്രൂക്സ് സ്മിത്ത്



മിസ്. ഹോംസ്

## ആദ്യകാല സാരഥികൾ

Ph : 0469-2603682

# BALIKAMATOM HIGHER SECONDARY SCHOOL

Thirumoolapuram P.O., Thiruvalla, Pathanamthitta Dist. Kerala, PIN : 689115
**School Code - 37049**

No.

Date 12-02-24

From,
Headmistress

To,

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഭാഷാ പ്രവർത്തനത്തിന്റെ ഭാഗമായി തയ്യാറാക്കപ്പെടുന്ന ഡിജിറ്റൽ മാഗസിൻ ഏറ്റവും ഉപയോഗപ്രദവും ഫലപ്രദവും ആയിരിക്കട്ടെ. പിന്നിൽ പ്രവർത്തിക്കുന്ന ഏവർക്കും ആശംസകൾ

BALIKAMATOM HIGHER SECONDARY SCHOOL
THIRUVALLA



SHINY DAVID
PEN-217045
Headmistress
Balikamatom HSS
Thirumoolapuram
Thiruvalla-15

# ആശംസകൾ

2022-24 ലിറ്റിൽ കൈറ്റ്സ് ബാച്ചിലെ കുട്ടികൾ അവരുടെ മലയാളം കമ്പ്യൂട്ടിംഗ് പ്രവർത്തനത്തിന്റെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് തയ്യാറാക്കിയ "മുകുരം" എന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.



ശ്രീമതി. പ്രീതി സ്കറിയ



ശ്രീമതി. ജാസ്മിൻ ഏബ്രഹാം

## കൈറ്റ് മിസ്ട്രസസ്

# എഡിറ്റോറിയൽ

ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി കൂട്ടായ്മയാണ് ഒന്നരലക്ഷത്തിലധികം വിദ്യാർത്ഥികൾ അംഗങ്ങളായുള്ള ലിറ്റിൽ കൈറ്റ്സ് ക്ലബുകൾ. ഇലക്ട്രോണിക്സ്, മലയാളം കമ്പ്യൂട്ടിങ്ങ്, ആനിമേഷൻ, റോബോട്ടിക്സ്, പ്രോഗ്രാമിംഗ്, നിർമ്മിത ബുദ്ധി തുടങ്ങിയ വിവിധ മേഖലകളിൽ പരിശീലനം ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ ഓരോകുട്ടിക്കും ലഭിക്കും. വിദ്യാർത്ഥികളുടെ വിജ്ഞാന നൈപുണ്യം വർദ്ധിപ്പിക്കുന്നതോടൊപ്പം അവരുടെ അഭിരുചിക്കനുസരിച്ചുള്ള സാങ്കേതിക മേഖലകളിൽ തൊഴിൽ കണ്ടെത്താനും ലിറ്റിൽ കൈറ്റ്സ് പ്രേരകമാകുന്നു.കേരളത്തിലെ വിദ്യാലയങ്ങളിൽ മാത്രമല്ല സമൂഹത്തിൽ ചർച്ചാ വിഷയമായ ഈ പദ്ധതിയിൽ ഭാഗമാകാൻ കഴിഞ്ഞതിൽ ഞങ്ങൾ അഭിമാനിക്കുന്നു.

**" മുകുരം"** എന്ന ഈ ഡിജിറ്റൽ മാഗസിനിലൂടെ ഞങ്ങളുടെ കൂട്ടുകാർ അവരുടെ സർഗ്ഗാത്മക കഴിവുകളെ പ്രകടിപ്പിക്കുവാനും, ഓജസുറ്റതാക്കാനും ശ്രമിക്കുന്നു.

## എഡിറ്റോറിയൽ ബോർഡ്

ഭാനുപ്രിയ ജയൻ (ചീഫ് എഡിറ്റർ)
അമൃത സുരേഷ് (സബ് എഡിറ്റർ)
ആര്യ എസ് നായർ
അഖില ചന്ദ്രൻ

# ഉള്ളടക്കം

ആമുഖം.........7
LK അംഗങ്ങൾ.........8
സ്കൂൾ ചരിത്രം.........9
എന്റെ വിദ്യാലയം.........11
എന്റെ സരസ്വതി ക്ഷേത്രത്തിലെ ഉത്സവ നാളുകൾ.........12
വിദ്യാരംഭം.........14
ജീവിതം എന്ന പരീക്ഷ.........15
ആഗോളതാപനം.........16
പ്രളയാനുഭവം.........17
സ്നേഹസൗഹൃദം.........18
ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.........19
ലില്ലിക്കുയിലും കുട്ടിപ്പരുന്തും.........20
കൂട്ടുകാർ (കവിത).........21
കാർട്ടൂൺ.........22
ആമയും മുയലും (ചെറുകഥ).........23
ഒരു പെൺകുട്ടിയുടെ ജീവിത കഥ (ചെറുകഥ).........24
എന്റെ കൊച്ചമ്മമാർ.........25
എന്റെ വിദ്യാലയ അനുഭവങ്ങൾ.........26
കവിതകൾ .........26
പ്രകൃതിയാകുന്ന വികൃതി (കവിത).........27
കാണാതെപോയ കുട്ടി.........28
നക്ഷത്രപ്പൂക്കൾ.........29
ജൂണിലെ മഴ.........29
പുഴ.........30
രാത്രികൾ.........30
പ്രഭാതം.........31
മഴ.........31
FRIENDSHIP (POEM).........32
QUERY ON THE NET (POEM).........33
DRUG ABUSE.........34
BROKEN FAIRY RIVER.........35
ചിത്രങ്ങൾ.........36
ചിത്രങ്ങൾ.........36

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാഭ്യാസരംഗത്ത് ഡിജിറ്റൽവിപ്ലവം വന്നു കഴിഞ്ഞുവല്ലോ. ഇതിന്റെ ബഹിർസ്ഫുരണങ്ങൾ "ലിറ്റിൽ കൈറ്റ്സ്" കുട്ടികളിലൂടെ സമൂഹത്തിലേയ്ക്ക് എത്തിക്കുന്നു. എഴുത്തും വായനയുമെല്ലാം വിരൽത്തുമ്പിലെത്തി നില്ക്കുന്ന ഈ കാലത്ത്, ഒരു കൂട്ടം വിദ്യാർത്ഥികൾ അവരുടെ സ്വപ്നങ്ങളും, ചിന്തകളുമെല്ലാം "മുകുരം" എന്ന ഡിജിറ്റൽ മാഗസിനിലൂടെ പ്രതിഫലിപ്പിക്കുവാൻ ശ്രമിക്കുകയാണ്.............

# 2022-25 ബാച്ച്
# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# ബാലികാമഠം എച്ച്.എസ്സ്.എസ്സ് തിരുവല്ല



തിരുവല്ലായ്ക്കും ചെങ്ങന്നൂരിനും ഇടയിൽ M C റോഡിന് വശത്തായി തിരുമൂലപുരം എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് ബാലികാമഠം ഹയർ സെക്കണ്ടറി സ്കൂൾ. 1920-ൽ സ്ഥാപിച്ച ഈ വിദ്യാലയം പത്തനംതിട്ട ജില്ലയിലെ പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്.

ഇംഗ്ലണ്ടിൽ നിന്നും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ഉതകുന്ന അധ്യാപകരെ കൊണ്ടുവന്ന് മധ്യ തിരുവിതാംകൂറിലെ സ്ത്രീസമൂഹത്തിന് ഉയർന്ന സ്വതന്ത്ര വിദ്യാഭ്യാസം നൽകണമെന്ന ദർശനത്തോടെ 1904 ൽ കണ്ടത്തിൽ ശ്രീ. വർഗീസ് മാപ്പിള ബാലികാമഠം സ്കൂൾ തിരുമൂലപുരത്ത് സ്ഥാപിക്കുകയുണ്ടായി.

സ്കൂൾ കെട്ടിടം പൂർത്തിയാക്കിയതിനു ശേഷം മലയാള സാഹിത്യത്തിൽ എന്നെന്നും ഓർമിക്കുന്ന കേരളവർമ്മവലിയകോയി ത്തമ്പുരാനാൽ ഉദ്ഘാടനം ചെയ്യപ്പെട്ട് , പ്രവർത്തനം സമാരംഭിച്ചു . എന്നാൽ 1904 ജൂലൈ 6-ാം തീയതി ശ്രീ കണ്ടത്തിൽ വർഗീസ് മാപ്പിള ദിവംഗതനാവുകയും പ്രാരംഭ ദശയിലുള്ള സ്കൂൾ പ്രവർത്തനങ്ങൾ സജീവമാക്കാൻ കഴിയാതെയും വന്നു. തന്റെ പിതാവ് കൊളുത്തിയ ഈ സംഗതമായ പ്രവർത്തി ഇല്ലാതാവാൻ പാടില്ല എന്ന് അദ്ദേഹത്തിന്റെ പുത്രൻ ശ്രീ. കെ വി ഈപ്പൻ ചിന്തിച്ചുറപ്പിച്ചതിനെ ത്തുടർന്ന് അദ്ദേഹത്തിന്റെ അഭ്യർത്ഥന മാനിച്ച് സ്കൂൾ ആരംഭിക്കുന്നതിനായി മിസ് ഹോംസും , മിസ് ബ്രൂക്സ്മിത്തും 1920 മാർച്ച് മാസത്തിൽ തിരുമൂലപുരത്ത് എത്തി.

## ക്ലബ്ബുകൾ

- ലിറ്റിൽ കൈറ്റ്സ്
- സ്കൗട്ട് & ഗൈഡ്സ്
- ജൂണിയർ റെഡ് ക്രോസ്
- വിദ്യാരംഗം
- വർക്ക് എക്സ്പീരിയൻസ്

വർഷാരംഭത്തിൽ തന്നെ സ്കൂൾ തുടങ്ങുവാൻ തക്കവണ്ണം ശ്രീ കെ വി ഈപ്പൻ സ്കൂളിനെ സജ്ജീകരിച്ചു. ഉദ്ഘാടനത്തിനായി അന്നത്തെ മദ്രാസ് ഗവർണറായിരുന്ന ലോഡ് വില്ലിംങ്ങ് ടണ്ണിനെ ക്ഷണിക്കുകയും, അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ലേഡി വില്ലിങ്ങ്ടൺ 1920 ഒക്ടോബർ 24-ാം തീയതി വിജയദശമി നാളിൽ ഉദ്ഘാടനം നിർവഹിക്കുകയും മിസ്സ് ഹോംസിനെ പ്രഥമാധ്യാപികയായി നിയമിക്കുകയും ചെയ്തു. മിസ്സ് ഹോംസിന്റെ മേൽനോട്ടം എല്ലാ പ്രവർത്തനങ്ങളിലും നിറഞ്ഞുനിന്നിരുന്നു. മിസ്സ് ഹോംസ് പ്രിൻസിപ്പലായി നാലുവർഷം അനുകരണീയ സേവനമനുഷ്ഠിച്ചു. അതിനുശേഷം ഇംഗ്ലണ്ടിലേക്ക് മടങ്ങിപ്പോയി. മലയാള മനോരമ കുടുംബത്തിന്റെ എല്ലാ വിധ സഹായവും സ്ഥാപനകാലം മുതൽ സ്കൂളിനും മദാമ്മമാർക്കും ലഭിച്ചു.

നാലു വർഷത്തിന് ശേഷം മിസ് ഹോംസ് തിരികെ പോയി. മിസ്. ബ്രൂക്സ്മിത്ത് നേതൃത്വം ഏറ്റെടുത്തു. ആദ്യകാലത്ത് ഇത് പൂർണ്ണമായും ഒരു റെസിഡൻഷ്യൽ സ്കൂളായിരുന്നു. അദ്ധ്യാപികമാരും സ്കൂളിൽ തന്നെ താമസിച്ചിരുന്നു. തുടർന്ന് കാലാകാലങ്ങളിൽ വന്ന പ്രഥമാധ്യാപികമാരുടെ നേതൃത്വത്തിൽ ഈ സ്കൂളിലെ കുട്ടികൾ പാഠ്യപാഠ്യേതര തലങ്ങളിൽ മികവു പുലർത്തി. 1998 -ൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തപ്പെട്ടു. ഏകദേശം 1200-ഓളം കുട്ടികൾ ഇവിടെ പഠിച്ചു വരുന്നു. രണ്ടു വിഭാഗങ്ങളിലായി 70 -ഓളം അധ്യാപികമാർ സേവനമനുഷ്ഠിച്ചു വരുന്നു. 2022 മുതൽ ആൺകുട്ടികൾക്കും പ്രവേശനാനുമതി ലഭിക്കുകയും വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി സഹവിദ്യാഭ്യാസ പ്രഖ്യാപനം നടത്തുകയും ചെയ്തു.



**ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി സഹവിദ്യാഭ്യാസത്തിന് ആരംഭം കുറിക്കുന്നു.**

# എന്റെ വിദ്യാലയം

പച്ചപ്പരവതാനി വിരിച്ചു നിൽക്കുന്ന മധ്യതിരുവിതാംകൂറിന്റെ സരസ്വതി ക്ഷേത്രമായ എന്റെ വിദ്യാലയത്തിലെ ആദ്യ സന്ദർശനത്തിൽ തന്നെ എന്റെ ഹൃദയം കവർന്നുപോയി. എന്റെ രണ്ടാം വീടായാണ് ഞാൻ എന്റെ വിദ്യാലയത്തെ കാണുന്നത്. അവിടത്തെ ടീച്ചേഴ്സ് എന്റെ അമ്മയ്ക്ക് തുല്യമാണ്. സ്നേഹിക്കുവാൻ മാത്രം അറിയുന്ന എന്റെ ഗുരുനാഥന്മാർ ഞങ്ങളുടെ എല്ലാം വികൃതികൾക്കും കൂട്ടുനിൽക്കുന്നു. ഞാൻ ഏഴാം ക്ലാസിലാണ് അവിടെ അഡ്മിഷൻ എടുത്തത്. എന്നാൽ ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ സ്കൂളിൽ പോകുവാനുള്ള ഭാഗ്യം കിട്ടിയില്ല,കാരണം മഹാമാരിയായ കൊറോണ -എന്ന വില്ലൻ തന്നെയാണ്. അതിനുശേഷം എട്ടാം ക്ലാസിലാണ് എന്റെ വിദ്യാലയത്തിന്റെ വിശാലമായ ആ ക്ലാസ് റൂമിൽ ഞാൻ പ്രവേശിക്കുന്നത്. എന്റെ ക്ലാസ് ടീച്ചർ എന്റെ ജീവനായിരുന്നു തിരിച്ച് ടീച്ചറിനും എന്നെ വലിയ ഇഷ്ടമായിരുന്നു ഹിന്ദിയാണ് ടീച്ചർ ഞങ്ങളെ പഠിപ്പിച്ചിരുന്നത്. അമ്മയില്ലാത്ത എനിക്ക് എന്റെ അമ്മ തന്നെയാണ് എന്റെ കൊച്ചമ്മ. കൊച്ചമ്മേ എനിക്ക് ഉൾപ്പെടെ എല്ലാം കുട്ടികൾക്കും പേടിയും അതുപോലെതന്നെ ഇഷ്ടവും ആണ്. കൊച്ചമ്മമാർ എല്ലാം ഞങ്ങളെ സ്വന്തം മക്കളെ പോലെയാണ് സ്നേഹിച്ചിരുന്നത്. അമ്മയുടെ സ്നേഹമാണ് ഞങ്ങൾക്ക് കൊച്ചമ്മമാരിൽ നിന്നും തിരിച്ചു കിട്ടുന്നത് . ഞങ്ങൾ ടീച്ചേഴ്സിനെ സ്നേഹത്തോടെ `കൊച്ചമ്മ'എന്നാണ് വിളിച്ചിരുന്നത്. എല്ലാവർഷവും സ്കൂളിൽനിന്ന് ടൂറിന് പോകുമായിരുന്നു അങ്ങനെ ബാലികമഠത്തിൽ നിന്ന് ഞാൻ ആദ്യമായി ആർത്തുല്ലസിച്ച് ടൂറിന് പോയി. അങ്ങനെ വർഷാവസാനം വന്നെത്തിയ വാർഷിക പരീക്ഷ കഴിഞ്ഞ് അതീവ സന്തോഷവും സങ്കടവുമായി ഞാൻ വീട്ടിലേക്ക് പോയി. എന്റെ അവധിക്കാലം എനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല,ബാലികമഠത്തിൽ നിന്ന് കിട്ടിയ സുവർണ്ണ അവസരമായ `എംജി സോമൻ ഫൗണ്ടേഷനിലെ' ഒരു അംഗമാകാൻ എനിക്ക് സാധിച്ചു. അങ്ങനെ സ്കൂൾ തുറന്നു,ഞാൻ ഒമ്പതാംക്ലാസിൽ ആയി പുതിയ ആൺകുട്ടികളും പെൺകുട്ടികളും വന്നു, ക്ലാസ് വളരെ ഭംഗിയായി നടന്നു. ഈ വർഷത്തെ ക്ലാസ് ടീച്ചർ കഴിഞ്ഞ വർഷത്തെപ്പോലെ ഞങ്ങടെ എല്ലാം കുരുത്തക്കേടിനും കൂട്ടുനിന്നു. ഈ വർഷം എനിക്ക് മത്സരങ്ങളിൽ പങ്കെടുക്കാൻ ഒരു ഭാഗ്യം കിട്ടി. ഞാൻ ഹിന്ദി ഉപന്യാസത്തിനും വർക്ക് എക്സ്പീരിയൻസിനും റവന്യൂ ജില്ല വരെ പോകുവാൻ കൊച്ചമ്മമാരും സ്കൂളും എന്നെ സഹായിച്ചു. ഈ വർഷം ആദ്യമായിയാണ് ഹൗസ് തിരിച്ചത്. റൂബി,സഫയർ, എമറാൾഡ് എന്ന മൂന്ന് ഹൗസുകൾ ആയിരുന്നു. ഞാൻ റൂബി ഹൗസിലാണ്, ഈ വർഷത്തെ ഓവറോൾ കിട്ടിയതും ഞങ്ങൾക്കാണ്. അങ്ങനെ ഒമ്പതാം ക്ലാസ് ജീവിതം അവസാനിക്കാറായപ്പോൾ ഞങ്ങളെ സ്കൂളിൽനിന്ന് ടൂറിന് കൊണ്ടുപോയി. ഞങ്ങൾ എല്ലാവരും ടൂർ നല്ലതുപോലെ എൻജോയ് ചെയ്തു രണ്ട് അധ്യായന വർഷവും ഞങ്ങളുടെ ക്ലാസ് ടീച്ചറിന്റെ ബർത്ത് ഡേ ആഘോഷിക്കാനുള്ള അവസരം കിട്ടുകയുണ്ടായി, അത് ഞങ്ങൾ സന്തോഷപൂർവ്വം കൊണ്ടാടി. അങ്ങനെ പത്തിന്റെ പടിവാതിലിലേക്ക് ഞങ്ങൾ കടക്കുകയാണ്......

**By Bhavya S Pillai**



# എന്റെ സരസ്വതി ക്ഷേത്രത്തിലെ ഉത്സവ നാളുകൾ



2019-20 അധ്യയന വർഷം. ആ നാളുകളുടെ അവസാന ആഘോഷം. 1920 ൽ പ്രവർത്തനം ആരംഭിച്ച ബാലികാമഠം സ്കൂളിന്റെ 100-ാം വാർഷികം. അതേ ശതാബ്ദി. ബാലികാമഠം സ്കൂളിന്റെ, അല്ല കുടുംബത്തിന്റെ ശതാബ്ദി ആഘോഷം. 2020 ജനുവരി 28,29 ദിനങ്ങളിൽ ബാലികാമഠം സ്കൂളിന്റെ അങ്കണത്തിൽ തുടക്കം കുറിച്ച് 2020 ഡിസംബർ 4 വരെ നീണ്ടു നിന്ന ഉത്സവ നാളുകൾ.

ഉത്സവ മുന്നോടിയായി ജനുവരി 28 നു നടന്ന വിളംബര റാലി ആയിരുന്നു എല്ലാത്തിന്റെയും തുടക്കം.അന്നേ ദിവസം വൈകിട്ടോടെ സ്കൂളിലെ ക്ലബ് അംഗങ്ങൾ, ജെ.ആർ.സി കുട്ടികൾ, കരാട്ടെ വിദ്യാർഥികൾ ഓരോ കൂട്ടമായും ഇവയിൽ ഒന്നിലും ഇല്ലാത്ത കുട്ടികൾ ക്ലാസ് അടിസ്ഥാനത്തിലും ആയി നിന്നായിരുന്നു റാലി. തുകലശ്ശേരി സി. എസ്. ഐ ചർച്ചിൽ നിന്നുമായിരുന്നു തുടക്കം. സ്കൂളിൽ റാലിക്കു ശേഷം തിരികെ ക്ഷീണിതരായി എത്തിയ ഞങ്ങളെ കാത്ത് ജ്യൂസും പഫ്സും ഒക്കെ ഉണ്ടായിരുന്നു. പിറ്റേ ദിവസത്തെ പൂരത്തിനായുള്ള മുന്നോടിയായി സ്കൂൾ മതിലുകളും കെട്ടിടങ്ങളും എല്ലാം പല വർണ്ണങ്ങളിലെ ലൈറ്റുകളാൽ അലങ്കരിച്ചിരുന്നു.








2020 ജനുവരി 29-മറക്കാൻ ആകാത്ത ഒരു ദിനം. രാവിലെ മുതൽക്കു തന്നെ അങ്കണത്തിൽ ഒരുക്കിയ താത്കാലിക സ്റ്റേജിൽ പരിപാടികൾ തുടങ്ങിയിരുന്നു. ഞങ്ങൾ പരിപാടിക്കുള്ള കുട്ടികൾ ഒക്കെ തന്നെ പ്രാക്ടിസും ഒരുക്കവും ഒക്കെ ആയി ഓരോ മുറികളിൽ ആയിരുന്നു. ഞങ്ങൾ യോഗ കരാട്ടെ ഡിസ്പ്ലേക്കുള്ളവർ പഴയ ഹാളിൽ ആയിരുന്നു. അവസാന നിമിഷ പ്രാക്ടീസ് ആയിരുന്നു അത്. ഉച്ചഭക്ഷണം കഴിഞ്ഞു. വൈകുന്നേരം ഏകദേശം ഒരു 4.30 ഒക്കെ ആയപോഴേക്കും കുട്ടികൾക്കും വന്നു ചേർന്ന എല്ലാവർക്കുമായി സ്കൂൾ അധികൃതർ ഒരുക്കിയ സ്നാക്സും ജ്യൂസും ഒക്കെ തന്നു.

ചടങ്ങിൽ ക്ഷണിക്കപ്പെട്ടിരുന്നത് മൂന്ന് വിശിഷ്ട വ്യക്തികളായിരുന്നു. ശ്രീമതി. കെ.എസ് ചിത്ര, അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത, സംവിധായകൻ ശ്രീ. ബ്ലെസി എന്നിവരായിരുന്നു അവർ. 5 മണി ഒക്കെ ആകാറായപ്പോഴേക്കും കേരളത്തിന്റെ വാനമ്പാടിയായ ചിത്ര ചേച്ചി എത്തി. സ്കൂൾ അങ്കണത്തിൽ ചിത്രചേച്ചി വന്ന് എത്തിയപ്പോൾ കുട്ടികളെന്നോ മുതിർന്ന വരെന്നോ വ്യത്യാസമില്ലാതെ കര ഘോഷങ്ങളുടെയും ആർപ്പുവിളികളുടെയും ബഹളമായിരുന്നു. ഭദ്രദീപം കൊളുത്തി ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് കൊണ്ട് ആദ്യം തന്നെ കുട്ടികളുടെയും മുതിർന്നവരുടെയും എല്ലാവരുടെയും ആവശ്യനുസരണം ചിത്ര ചേച്ചി പാട്ടു പാടി.അതിൽ എന്റെ അമ്മയുടെ ആവശ്യനുസരണം "സിന്ധു ഭൈരവി" എന്ന ചിത്രത്തിലെ 'പാടറിയെൻ പഠിപ്പറിയേൻ'എന്നാ ഗാനവും ചിത്ര ചേച്ചി സ്റ്റേജിൽ ആലപിച്ചു. ശേഷം അന്നത്തെ 10 ലെ ചേച്ചിമാരുടെ ഒപ്പം 'കണ്ണാം തുമ്പി പോരാമോ' എന്ന ഗാനവും ചേച്ചി ഞങ്ങൾക്കായി പാടി.

ഉത്സവത്തിന്റെ കൊടി ഉയർത്തിയത് മലയാളത്തിന്റെ വാനമ്പാടി ആണെങ്കിൽ ആ കൊടി തിരിച്ചിറക്കിയത് കേരളക്കരയുടെ ബഹുമാനപ്പെട്ട ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ആയിരുന്നു. നിർഭാഗ്യവശാൽ കൊറോണ മൂർച്ഛിച്ചുനിന്ന സമയമായതിനാൽ ഓൺലൈൻ വഴിയായിരുന്നു ചടങ്ങുകൾ. 2020 ഡിസംബർ 4 നു സ്കൂളിൽ നടന്നത് ശതാബ്ദിയുടെ സമാപന സമ്മേളനം മാത്രം ആയിരുന്നില്ല. ബാലികാമഠം സ്കൂളിന്റെ സ്വന്തം മറിയം മാത്തൻ മെമ്മോറിയൽ ഹോളിന്റെ ഉദ്ഘാടനം കൂടിയാണ്. ഉദ്ഘാടനം നിർവഹിച്ചത് ബഹുമാനപെട്ട ഗവർണർ തന്നെ ആയിരുന്നു.2020 ജനുവരി 28,29 തീയതികളിൽ കൊടിയേറിയ ഉത്സവം അവസാനിച്ചത് 2020 ഡിസംബർ 4-നായിരുന്നു. സന്തോഷത്തിന്റെയും ഉല്ലാസത്തിന്റെയും നാളുകൾ തന്നെയായിരുന്നു അത്.

ഇതിനുമൊക്കെ അപ്പുറത്ത് ശതാബ്ദി തികയുന്ന അധ്യയന വർഷത്തിൽ ആ സ്കൂളിൽ ചേരാൻ സാധിച്ചതിൽ ഞാൻ ഏറെ സന്തോഷവതിയാണ്.5 വർഷമായി ആ സ്കൂളിൽ പഠിക്കുന്ന ഞാൻ ഇപ്പൊ 2024-25 അധ്യയന വർഷത്തെ 10ാം ക്ലാസ്സിലേക്ക് കടക്കാറായി നിൽക്കുകയാണ്. ഒൻപതാം ക്ലാസ്സിന്റെ അവസാന നിമിഷങ്ങളിൽ കൂടിയാണ് ഞാൻ ഇപ്പോൾ കടന്നുപോയ്കൊണ്ടിരിക്കുന്നത്. ഞാൻ എന്നാൽ കഴിവതും ആ നിമിഷങ്ങൾ ആസ്വദിക്കുകയാണ്. സൗഹൃദങ്ങൾക്ക് അതിരില്ലാതെ വിലകൽപ്പിക്കുന്ന ഒരുപാട് സുഹൃത്തുക്കളെയും സ്നേഹനിധികളായ അധ്യാപകരെയും എനിക്ക് സമ്മാനിച്ച എന്റെ ബാലികാമഠം കുടുംബത്തിന് എന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

# സ്കൂൾ വിദ്യാരംഭം

1904ൽ കണ്ടത്തിൽ വറുഗീസ് മാപ്പിള നൽകിയ 8.5 ഏക്കർ സ്ഥലത്ത് പെൺകുട്ടികൾക്കുവേണ്ടി ആരംഭിച്ചതാണു ബാലികാമഠം സ്കൂൾ. മിസ് ഹോംസ്, മിസ് ബ്രൂക് സ്മിത്ത് എന്നീ വിദേശ വനിതകളാണ് ആദ്യകാലത്തു സ്കൂളിനു നേതൃത്വം നൽകിയിരുന്നത്

1920 ഒക്ടോബർ 24 നായിരുന്നു മധ്യതിരുവിതാം കൂർ സാക്ഷ്യംവഹിച്ച ആ രാജകീയമായ വിദ്യാരംഭം നടന്നത്. സ്ഥലം തിരുവല്ല തിരുമൂലപുരത്തെ ബാലികാമഠം സ്കൂൾ

തിരുവല്ലയുടെ ചരിത്രത്തിലും തിരുവിതാംകൂറിൽ തന്നെയും പ്രൗഢഗംഭീരമായ ഒരു ചടങ്ങ് ആയിരുന്നു ഉദ്ഘാടനം. തിരുവല്ല പാലിയേക്കര കൊട്ടാരം മുതൽ തിരുമൂലപുരം വരെയുള്ള 4 കീ.മീ ദൂര കൊടി തോരണങ്ങളാൽ അലങ്കരിക്കപ്പെട്ടു. രാജവീഥിക്ക് ഇരുവശവും കൊടികളേന്തി ജനങ്ങൾ നിന്നു. വാദ്യമേളങ്ങളും മുത്തുകുടകളുമായി അകമ്പടിയിൽ ആനപ്പുറത്ത് തമ്പുരാൻ എഴുന്നള്ളി ഏതാണ്ട് അയ്യായായിരം ആളുകൾ ആ ഉദ്ഘാടനത്തിന് സാക്ഷ്യം വഹിച്ചു.

2023 മുതൽ സ്കൂളിൽ ആൺകുട്ടികൾക്കും പ്രവേശനം നൽകുന്നുണ്ട്. പെൺകുട്ടികൾക്കായി സ്കൂൾ ക്യാംപസിനുള്ളിൽ ഹോസ്റ്റലുണ്ട്.

**AARADH .K. BIBIN - 9C**

# ജീവിതം എന്ന പരീക്ഷ

ജീവിതം എന്നത് ഒരു പരീക്ഷയാണ്. ആ പരീക്ഷയിൽ നമ്മൾ എല്ലാ പ്രാവിശ്യവും വിജയിക്കണമെന്നില്ല. പലപ്പോഴും നാം തോൽക്കും.

എന്നൽ ആ തോൽവികളിൽ നിന്നു വേണം വിജയത്തിന്റെ പടവുകൾ കണ്ടെത്തേണ്ടത്. ഒരു തവണ നമ്മുക്ക് തോൽവി സംഭവിച്ചാൽ ആ തോൽവിയെ കുറിച്ച് ഓർത്ത് ഒരിക്കലും ദുഃഖിക്കരുത്. പകരം ആ തോൽവിയിൽ നിന്നും വിജയത്തിലേക്ക് എത്തുവാനുള്ള വഴികൾ നാം കണ്ടെത്തണം. തോൽവിയെ കുറിച്ച് ഓർത്ത് ദുഖിച്ചിരിക്കുന്നവർക്ക് ഒരിക്കലും വിജയത്തിലേക്ക് എത്തുവാൻ സാധിക്കില്ല. പകരം തോൽവിയിൽ നിന്നു വിജയത്തിൽ എത്തുവാൻ നാം പരിശ്രുമിക്കണം. ഇത് ഒരു പരീക്ഷതന്നെയാണ് ജീവിതം എന്ന പരീക്ഷ.

എന്നാൽ ആ പരീക്ഷയിൽ തോൽവികളെ നേരിടുന്നവർക്ക് ഏതു തടസ്സത്തിലും മുന്നേറാൻ സാധിക്കും.

**Lavaniya Rajesh- XC**

# "ഭീതിജനകമായ ആഗോളതാപനം"

അടുത്ത കാലത്ത് ആഗോളതാപനം ഭീതി ജനകമായവിധം വർധിക്കുകയാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് അന്തരിക്ഷതാപം വർധിക്കാൻ തുടങ്ങിയത്. കൽക്കരി, പെട്രോൾ, ഡീസൽ, മണ്ണെണ്ണ, തുടങ്ങിയവയുടെ ഉപയോഗം ക്രമാതീതമായി വർധിച്ചതാണ് ഇതിനു പ്രധാനകാരണം. അവയുടെ കൂടുതലായ ഉപയോഗം മൂലമുണ്ടാക്കുന്ന വാതകങ്ങൾ അന്തരീക്ഷത്തിൽ സൃഷ്ടിക്കുന്ന കവചം ഭൂമിയിൽ നിന്നുള്ള ചൂടിനെ അനന്ത വിഹായസ്സിലേക്ക് പടരാതെ തടഞ്ഞു നിർത്തുന്നു. ഗ്രീൻ ഹൗസിൽ സംഭവിക്കുന്നതു പോലെയാണിത്. അതു കൊണ്ടാണ് ഹരിതഗൃഹ വാതകങ്ങൾ എന്ന് ഇതിനെ വിശേഷിപ്പിക്കുന്നത്.

അന്തരീക്ഷ താപം വർദ്ധിക്കുന്നതിന്റെ ഫലമായി കടലിൽ നിന്നുണ്ടാകുന്ന നീരാവിയും വ്യവസായശാലകളിൽ നിന്നു പാടി പടലങ്ങളും ഭൂമിക്കു ചുറ്റും രൂപപ്പെടുത്തുന്ന കവചത്തിന്റെ ഭാഗമായിരുന്നു. ഇവയുടെ അംശം കൂടുന്നതിനനുസരിച്ച് അന്തരി ക്ഷതാപം വർദ്ധിക്കും. അതുകൊണ്ട് താപ വർധനയെ ഗ്രീൻ ഹൗസ് ഇഫക്റ്റ് എന്ന് ശാസ്ത്രജ്ഞർ വിശേഷിപ്പിക്കുന്നത്. അടുക്കളയിൽ വിറകു കത്തുമ്പോഴുണ്ടാക്കുന്ന പുക പുറത്തു പോകാതെ വിടിനുള്ളിൽ കെട്ടി നിൽക്കുമ്പോഴുണ്ടാക്കുന്ന സ്ഥിതിവിശേഷം തന്നെയാണ് അന്തരീക്ഷത്തിലെ ഹരിത ഗൃഹ വാതകങ്ങളും സൃഷ്ടിക്കുന്നത്. ലോകത്ത് ഉൽപാദിപ്പിക്കുന്ന ഹരിത ഗൃഹ വാതകങ്ങളിൽ 5.8 % ഇന്ത്യയിൽ രൂപപ്പെടുന്നതാണ്.

കാർബൺ വാതകങ്ങളും പുറം തള്ളൽ പ്രകൃതിയിൽ ഉണ്ടാക്കുന്ന അപകടമായ മാറ്റങ്ങളിൽ പ്രധാനപ്പെട്ടത് കാലാവസ്ഥാ വ്യതിയാനമാണ്. മഴ, വേനൽ, തുടങ്ങിയ കാലങ്ങൾക്ക് ഇതു മൂലം മറ്റമുണ്ടാകുന്നു. അത്ഭുതകരമായ പ്രകൃതി സംവിധാനങ്ങൾ തകിടം മറിയുന്ന അവസ്ഥയാണിത്.

അനഘ കെ എസ്സ്
ക്ലാസ്സ് : 10



# പ്രളയാനുഭവം

പതിവുപോലെ സ്കൂളിലേക്ക് പോകാൻ തയ്യാറായി ഇരുന്നപ്പോൾ അമ്മമ്മ പറയുന്നത് കേട്ടു ചുറ്റും വെള്ളമാണെന്ന് ഇത് കേട്ട് ഞാൻ അമ്മമ്മയുടെ അരികിലേക്ക് ഓടി.
പുറത്തേക്കാഴ്ച എന്നെ ഞെട്ടിച്ചു കളഞ്ഞു ചുറ്റും വെള്ളം മാത്രമേ കാണാൻ കഴിയുന്നുള്ളൂ അടുത്തുള്ള വീട്ടുകാർ എല്ലാം അപ്പോഴത്തേക്കും പോയി കഴിഞ്ഞു വീട്ടിൽ അമ്മമ്മയും അച്ചച്ചനും മാത്രമേ ഉള്ളൂ എന്ത് ചെയ്യണമെന്ന് ആലോചിച്ചു ഫോൺ നോക്കിയപ്പോൾ ചാർജ് ഇപ്പോൾ തീരുമെന്ന് അവസ്ഥയിലായിരുന്നു ഇതു കൂടെ കണ്ടപ്പോൾ എന്റെ മനസ്സാകെ തകർന്നു പോയി പെട്ടെന്ന് ഞാൻ അച്ഛനെ വിളിച്ചു പറഞ്ഞു ഇവിടെ ചുറ്റും വെള്ളം മാത്രമേ ഉള്ളൂ പിന്നെ ചുറ്റുമുള്ള എല്ലാവരും പോയി എനിക്ക് എന്ത് ചെയ്യണമെന്ന് അറിയില്ല അച്ഛൻ പറഞ്ഞു പേടിക്കണ്ട ഞാൻ വേഗം വരാം ഞാൻ അവിടെ അച്ഛനെ കാത്തിരുന്നു കുറച്ചു നാഴികകൾക്ക് ശേഷം അച്ഛൻ എത്തി ഞാൻ ഓടിച്ചെന്ന് കെട്ടിപ്പിടിച്ചു എന്നിട്ട് ഞാൻ ചോദിച്ചു നമ്മൾ എന്ത് ചെയ്യും അച്ഛൻ എന്നോട് പറഞ്ഞു നമുക്ക് വെള്ളം ഒത്തിരി കൂടുന്നതിന് മുൻപേ പോകാം വീടിന്റെ അകത്ത് മുട്ടറ്റ് വെള്ളമുണ്ടായിരുന്നു ആ വെള്ളത്തിൽ കൂടെ അച്ഛനും അച്ഛന്റെ സുഹൃത്തും സാധനങ്ങളൊക്കെ ബെഞ്ചിന്റെ മണ്ടയ്ക്ക് കേറ്റി വെച്ചു ഗ്യാസും സിലിണ്ടറും വീഴുന്ന രണ്ടാം നിലയിൽ പപ്പയും സുഹൃത്തും കേറ്റിവച്ചു എന്നിട്ട് അച്ചച്ചനോടും അമ്മമ്മയോടും പറഞ്ഞു നമുക്ക് എത്രയും വേഗം പോകാം എന്ന് അപ്പോൾ അവർ നിരസിച്ചു ഞങ്ങടെ കൂടെ വരാൻ എത്രയും പെട്ടെന്ന് ഇറങ്ങേണ്ടത് കൊണ്ട് ഞങ്ങൾ അവരെ സുരക്ഷിതരാക്കി രണ്ടാം നിലയിൽ എത്തിച്ചു എന്നിട്ട് അച്ഛൻ എന്നെയും കൊണ്ട് കഴുത്തറ്റം വെള്ളത്തിലൂടെ എന്നെ തോളത്ത് വെച്ച് കൊണ്ടുപോയി ഞങ്ങളുടെ ചുറ്റും ആൾക്കാർ ഉണ്ടായിരുന്നു കരകയറാൻ വയ്യാത്തവരും വയസ്സ് ചെന്നവരും കുട്ടികളും ഒക്കെ ഉണ്ടായിരുന്നു ചിലർ ഞങ്ങടെ പള്ളിയിൽ കയറി രക്ഷപ്പെടാൻ ശ്രമിച്ചു ചിലർ ഞങ്ങളുടെ കൂടെ തന്നെ ഉണ്ടായിരുന്നു അങ്ങനെ ഞങ്ങൾ കരകയറി വളരെ കഷ്ടപ്പെട്ടാണ് അത്രയും ദൂരം വന്നത് അച്ഛന്റെ തോളിൽ നിന്ന് താഴെ വീഴുമോ എന്നൊരു പേടി എനിക്ക് ഉണ്ടായിരുന്നു ഒരു പാമ്പിനെ ഞാൻ കണ്ടിരുന്നു
പക്ഷേ അച്ഛനോട് ഞാൻ പറഞ്ഞില്ല
കരകയറിയതിനു ശേഷം അമ്മ വീട്ടിലേക്ക് പോയി അവിടെ ന്യൂസ് കണ്ടുകൊണ്ടിരുന്നു പ്രളയത്തിൽ വീടും കുടുംബവും പൊട്ടി തകർന്നു വരും പിന്നെ ജീവനുവേണ്ടി കരയുന്നവരും ഒക്കെ ന്യൂസിലൂടെ അറിയാൻ സാധിച്ചു അന്ന് അതിന്റെ പ്രശ്നങ്ങളെ പറ്റി ഒന്നും എനിക്കറിഞ്ഞുകൂടായിരുന്നു എന്നെ അമ്മ വീട്ടിൽ ആക്കിയിട്ട് അച്ഛൻ രാത്രിയിൽ കഴുത്തറ്റം വെള്ളത്തിലൂടെ പോയി അച്ചച്ചനും അമ്മച്ചിക്കും വേണ്ട സാധനങ്ങൾ കൊടുത്തു അങ്ങനെ കുറച്ചു നാളിനു ശേഷം കേരളത്തിലെ ആ പ്രളയം എന്ന മഹാമാരി അവസാനിച്ചു പിന്നെ ഞാനും വീട്ടിലേക്ക് മടങ്ങി





[illegible]

# സ്നേഹസൗഹൃദം

ഒരിക്കൽ രണ്ടു കൂട്ടുകാർ മരുഭൂമിയിൽ കൂടി സഞ്ചരിച്ചു കൊണ്ടിരിക്കുകയായിരുന്നു അങ്ങനെ യാത്രയുടെ ഇടയിൽ ഒരു വലിയ തർക്കത്തെ തുടർന്ന് ഒരു കൂട്ടുകാരൻ മറ്റൊരു കൂട്ടുകാരനെ തല്ലി അടികൊണ്ട് കൂട്ടുകാരന് ഒരുപാട് വേദനിച്ചു  അവൻ ഒന്നും പറഞ്ഞില്ല മറിച്ച് ആ മണലിൽ എഴുതി എന്റെ പ്രിയ കളിക്കൂട്ടുകാരൻ  എന്റെ മുഖത്ത് അടിച്ചു അങ്ങനെ അവർ യാത്ര തുടർന്നു യാത്രയ്ക്കിടയിൽ അവർക്ക് ഒരു മരുപച്ച കണ്ടെത്താൻ സാധിച്ചു അങ്ങനെ അവർ രണ്ടാളും അതിൽ വെള്ളം കുടിക്കാൻ ഇറങ്ങി ആദ്യത്തെ അടികൊണ്ട് കൂട്ടുകാരൻ ഒരു ചളികുണ്ടിൽ അകപ്പെട്ടു മുങ്ങാൻ തുടങ്ങി അതിനിടയിൽ അവന്റെ പ്രിയ കൂട്ടുകാരൻ അവന് രക്ഷിച്ചു ആ അവസ്ഥ തിരിച്ചു വന്നശേഷം അവിടെയുള്ള ഒരു കല്ലിൽ അവൻ ഇങ്ങനെ എഴുതി ഇന്നെന്റെ പ്രിയ കൂട്ടുകാരൻ എന്റെ ജീവൻ രക്ഷിച്ചു അവനെ അടിച്ചതും ജീവൻ രക്ഷിച്ചതുമായ ആ പ്രിയ കൂട്ടുകാരൻ അവനോട് ചോദിച്ചു ഞാൻ നിന്നെ വേദനിച്ചപ്പോൾ നീ അത് മണലിൽ എഴുതി എന്നാൽ ഇപ്പോൾ എന്തുകൊണ്ടാണ് നീ ഇത് കല്ലിൽ എഴുതിയത് അപ്പോൾ കൂട്ടുകാരൻ മറുപടി പറഞ്ഞു ആരെങ്കിലും നമ്മളെ വേദനിപ്പിച്ചിരിക്കുമ്പോൾ നമ്മൾ മണലിൽ എഴുതി വയ്ക്കണം അവിടെയാകുമ്പോൾ ക്ഷമാശീലം ഉള്ള കാറ്റിന് മായ്ച്ച് കളയാൻ സാധിക്കും പക്ഷേ ആരെങ്കിലും നമുക്ക് നല്ലത് ചെയ്തു തന്നാൽ അത് നമ്മൾ കല്ലിൽ കൊത്തി വയ്ക്കണം ഒരു കാറ്റിനും മായിക്കാൻ പറ്റാത്ത പോലെ



# ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

അകലും തോറും മനസ്സുകൾ തമ്മിൽ ഒന്നിക്കുന്ന ഒരു മാന്ത്രിക ശക്തിയാണ് സൗഹൃദം. നാം വിദ്യാലയത്തിൽ ചെല്ലുമ്പോൾ മുതൽ ഒന്നും അറിയാതെ നമ്മുടെ കൂടെ എന്ത് കുരുത്തക്കേട് കാണിക്കാനും കളിക്കാനും നമ്മുടെ ദുഃഖങ്ങൾ പങ്കിടാനും നല്ല ശീലങ്ങൾ പഠിക്കാനും നമ്മുടെ സുഹൃത്തുക്കൾ നമ്മെ ഒരുപാട് സഹായിക്കും. പക്ഷേ തിരഞ്ഞെടുത്ത കൂട്ടുകാർ നല്ല ശീലങ്ങൾ അല്ല എങ്കിൽ ഫലം വിപരീതം. സൗഹൃദത്തെ പറ്റി സ്വാമി വിവേകാനന്ദന്റെ കാഴ്ചപ്പാട് എന്താണെന്ന് അറിയാമോ? അദ്ദേഹം സൗഹൃദത്തെ പറ്റി ഇങ്ങനെ പറയുന്നു. മേഘങ്ങളിൽ നിന്ന് വീഴുന്ന മഴത്തുള്ളി ശുദ്ധമായ കൈകളിൽ ആണ് പതിക്കുന്നതെങ്കിൽ അത് കുടിക്കാൻ പറ്റും പകരം ഓവുചാലുകളിൽ ആണ് വീഴുന്നതെങ്കിൽ പാദം കഴുകാൻ പോലും യോഗ്യമല്ല. ആ മഴത്തുള്ളി ചുട്ടു പൊള്ളുന്ന ഒരു ലോകത്തിലാണ് വീഴുന്നതെങ്കിൽ ബാഷ്പീകരിച്ച് ഇല്ലാതാകും. ഓർക്കുക മഴത്തുള്ളി എപ്പോഴും ഒന്നു തന്നെയായിരുന്നു അത് പതിക്കുന്ന പ്രതലം വ്യത്യസ്തമാണ്. ഒരാൾ ആരുമായി ചങ്ങാത്തം കൂടുന്നുവോ അതനുസരിച്ച് അയാളുടെ നിലനിൽപ്പിലും മൂല്യത്തിലും വ്യത്യസ്തമാക്കുന്നു. "ചങ്ങാതികൾ ആകട്ടെ നമ്മുടെ കൈ മുതൽ." നല്ല കൂട്ടുകാർ നല്ല വഴികാട്ടികളാണ്. അതുകൊണ്ട് നല്ല കൂട്ടുകാരെ കണ്ടെത്തുക. തെറ്റായ കൂട്ടുകെട്ടുകളിൽ അകപ്പെട്ട എത്ര പേരുടെ ജീവിതങ്ങളാണ് നഷ്ടപ്പെടുന്നത് എന്ന് നാം കാണാറുണ്ടല്ലോ മദ്യപാനം, മോഷണം, കൊല തുടങ്ങിയവ ചീത്ത കൂട്ടുകെട്ടുകളുടെ ഫലമായിട്ടുണ്ടാകുന്നതാണ് .എത്ര മാതാപിതാക്കളാണ് ഇവർ കാരണം ഇരുട്ടിലേക്ക് മറയപ്പെടുന്നത്? ഈ ഭൂമിയിലേക്ക് നമ്മെ ഒരുപാട് വേദന സഹിച്ചാണ് ഓരോരുത്തരുടെയും അമ്മമാർ നമുക്ക് ജന്മം നൽകുന്നത്. നാം കാരണം ആ മനസ്സ് ഒരിക്കലും വിഷമിക്കാൻ പാടില്ല. അതുകൊണ്ടുതന്നെ നാം എന്ത് കാര്യം ചെയ്യുന്നതിന് മുമ്പും നാം പല

എന്ത് കാര്യം ചെയ്യുമ്പോഴും ശരിയും തെറ്റും തിരിച്ചറിയുവാനുള്ള കഴിവ് നമ്മൾ ഓരോരുത്തരും വളർത്തിയെടുക്കണം. നമ്മുടെ കൂട്ടുകെട്ടുകളാണ് നാം ജീവിതത്തിൽ ആരായിത്തീരും എന്ന് തീരുമാനിക്കുന്നത്. "ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട"എന്ന വാചകം നാം ചെറുപ്പം മുതൽ കേൾക്കാൻ തുടങ്ങിയതാണ്. എന്നാൽ ഇതിൻറെ അർത്ഥം അറിയാൻ അന്ന് നമ്മൾ ആരും ശ്രമിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ ഈ വാചകത്തിന്റെ അർത്ഥത്തിന് എത്രമാത്രം പ്രാധാന്യം ഉണ്ടെന്ന് നാം ഇന്നു മനസ്സിലാക്കുന്നു. ഇന്ന് എനിക്കുണ്ടായ ഒരു ചെറിയ മാറ്റം എൻറെ കൂട്ടുകെട്ടിന്റെ ഫലമാണ്. അതുകൊണ്ട് നല്ല കൂട്ടുകാരെ തിരഞ്ഞെടുക്കുക. ഒരിക്കലും വാടാത്ത പൂ പോലെ, ആരും പറയാത്ത കഥ പോലെ ഇതുവരെ കാണാത്ത സ്വപ്നം പോലെ എന്നും എപ്പോഴും മായാതെ നിൽക്കട്ടെ നാം

SWETHA MOHANDAS - 10 B

# ലില്ലിക്കുയിലും കുട്ടിപ്പരുന്തും



അത്തിമരത്തിനു മുകളിലുള്ള ഒരു പൊത്തിലായിരുന്നു ലില്ലിക്കുയിലിന്റെ താമസം മഹാ അഹങ്കാരിയായിരുന്നു ലില്ലിക്കുയിൽ. ലോകത്തിൽ ഏറ്റവും നന്നായി പാട്ടുപാടുന്നത് താനാണെന്നായിരുന്നു അവളുടെ വിചാരം തൊട്ടടുത്തുള്ള മരത്തിൽ പാർക്കുന്ന കുട്ടിപ്പരുന്തിനെ കളിയാക്കുവാൻ ലില്ലിക്കുയിലിന് വലിയ ഉത്സാഹമായിരുന്നു.

"ശ്ശേ,ശ്ശേ വലിയ പരുന്താണെന്നൊക്കെ പറഞ്ഞിട്ട് എന്താ കാര്യം , കഴുത കരച്ചിൽ പോലുള്ള നിന്റെ ശബ്ദം കേട്ടാൽ ആരും ചെവിപൊത്തി പോകും ". ലില്ലിക്കുയിലിന്റെ പരിഹാസ വാക്കുകൾ കേട്ട് കുട്ടിപ്പരുന്തിന് സങ്കടം വരും. തനിക്ക് പാടാനുള്ള കഴിവില്ലാത്തതു കൊണ്ടാണല്ലോ ഇവളിങ്ങനെ കളിയാക്കുന്നത്.
കുറേ നാളുകൾ കഴിഞ്ഞു. ലില്ലിക്കുയിൽ മുട്ടയിട്ടു. മുട്ടവിരിഞ്ഞ് കുഞ്ഞിക്കുയിലുകൾ ഉണ്ടായി .ഈ വിവരമെല്ലാം അറിഞ്ഞു കൊണ്ട് ഒരാൾ അത്തിമരത്തിനു കീഴേ പാർത്തിരുന്നു. കുട്ടൻ പാമ്പായിരുന്നു അത്. ഒരു ദിവസം കുട്ടൻ പാമ്പ് അത്തിമരത്തിനു മുകളിലേക്ക്


ലില്ലിക്കുയിലിനേയും കുഞ്ഞിക്കുയിലുകളേയും കണ്ടതോടെ കുട്ടൻ പാമ്പിന്റെ വായിൽ വെള്ളമൂറി. വായും പിളർന്നു വരുന്ന കുട്ടൻ പാമ്പിനെ കണ്ട് ലില്ലിക്കുയിൽ വാവിട്ട് നിലവിളിച്ചു. നിലവിളി കേട്ട് അടുത്ത മരത്തിൽനിന്നും കുട്ടിപ്പരുന്ത് പറന്നു വന്ന് കുട്ടൻ പാമ്പിനിട്ട് നല്ല കൊത്തും മാന്തും കൊടുത്തു.

പിന്നീട് ഒരിക്കലും കുട്ടൻപാമ്പ് അത്തിമരത്തിനു മുകളിലേക്ക് കയറിയിട്ടില്ല. തന്നെ രക്ഷിച്ച കുട്ടിപ്പരുന്തിന് ലില്ലിക്കുയിൽ നന്ദി പറഞ്ഞു. പാട്ടിലൊന്നും കാര്യമില്ല എന്ന കാര്യം ലില്ലിക്കുയിലിന് മനസ്സിലായി അതോടെ അവളുടെ അഹങ്കാരവും തീർന്നു.
മറ്റുള്ളവരുടെ കഴിവ് ചെറുതാണെങ്കിലും വലുതാണെങ്കിലും അതിൽ

# കൂട്ടുകാർ




**RAHANA - 9C**




## ANURADHA NAIR - 8B



# ആമയും മുയലും

ആമയും മുയലിന്റെയും ആദ്യത്തെ ഓട്ടമത്സരത്തിനു ശേഷം മുയലിനു വല്ലാത്ത നിരാശയായി ഒരു പ്രാവശ്യം കൂടെ ഓട്ടപ്പന്തയം വയ്ക്കാം എന്ന് തീരുമാനിച്ചു. ആമയും സമ്മതിച്ചു ഓട്ടപ്പന്തയത്തിന്റെ ദിവസം എത്തി ആദ്യം ഇരുവരും ഒരുപോലെ ഓടിയെങ്കിലും മുയൽ തന്റെ സ്വതസിദ്ധയാൽ കുതിച്ചു പാഞ്ഞു ഫിനിഷിംഗ് പോയിന്റ് കടന്നു പാവം ആമ ഇഴഞ്ഞ് ഇഴഞ്ഞ് ഫിനിഷിംഗ് പോയിന്റ് കടന്നു മുൻപ് തോറ്റതിന്റെ പ്രതികാരം തീർത്ത സന്തോഷത്തിൽ മുയൽ വിജയഭരിമുഴക്കി ആമയെ എല്ലാവരും കളിയാക്കി തോറ്റു കൊടുക്കാൻ ആമ തയാറായില്ല മുയലുമായി വീണ്ടും പന്തയം വയ്ക്കാം എന്ന് ആമ തീരുമാനിച്ചു മുയൽ പുച്ഛഭാവത്തോടെ സമ്മതിച്ചു ആമച്ചാർ പറഞ്ഞു ഇത്തവണ ഞാൻ പറയുന്ന വഴി വേണം ഓടാൻ മുയൽ സമ്മതിച്ചു മത്സരദിവസം എത്തി മത്സരം തുടങ്ങി മുയൽ കുതിച്ചു പാഞ്ഞു പകുതി എത്തിയപ്പോൾ അവിടെ ഒരു നദി തനിക്ക് ചാടി കടക്കാൻ പറ്റില്ല എന്ന് മുയലിന് മനസ്സിലായി എന്ത് ചെയ്യും എന്നറിയാതെ മുയൽ വിഷമിച്ചു നിന്നു പിന്നാലെ ആമച്ചാർ ഇഴഞ്ഞ് ഇഴഞ്ഞ് വന്നു മുയലിനെ നോക്കി പുച്ഛിച്ച് ചിരിച്ചുകൊണ്ട് നദിയിലേക്ക് എടുത്ത് ചാടി നീന്തി അക്കരെ കടന്ന് ഫിനിഷിംഗ് പോയിന്റ് കടന്നു തന്റെ സുഹൃത്തിനോട് എത്രവേഗം പകയും വിദ്വേഷവും വന്നു എന്നുള്ള സത്യം ഇരുവരും ദുഃഖത്തോടെ തിരിച്ചറിഞ്ഞു മുയൽ ആമച്ചാരോട് പറഞ്ഞു നമുക്കൊരു മത്സരം കൂടി വയ്ക്കാം ആമ സമ്മതിച്ചു അങ്ങനെ അടുത്ത മത്സരം എത്തി ഇരുവരും സ്റ്റാർട്ടിങ് പോയിന്റിൽ എത്തി ഇരുവരുടെ മുഖത്ത് പകയല്ല പകരം പ്രസന്നതയാണ് കാണാൻ സാധിക്കുന്നത് ഇത്തവണ ആമച്ചാർ പറഞ്ഞ വഴിയിൽ കൂടിയാണ് പോകുന്നത് അങ്ങനെ മത്സരം തുടങ്ങി എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് ആദ്യത്തെ ഗ്യാപ്പിൽ മുയലിന്റെ പുറത്ത് കയറിയിരുന്നു നദീതീരമായപ്പോൾ ആമച്ചാർ വെള്ളത്തിലേക്ക് എടുത്തു ചാടി ആമയുടെ പുറത്ത് മുയൽ കയറിയിരുന്നു കരയിലെത്തിയപ്പോൾ വീണ്ടും മുയലിന്റെ പുറത്ത് ആമ കേറിയിരുന്നു ഫിനിഷിംഗ് പോയിന്റ് കടന്നു ആരും തോൽക്കാതെ ഇരുവരും ഒരുപോലെ ഐക്യത്തോടെ മത്സരിക്കാം എന്ന് തീരുമാനം അവരെ ആനന്ദത്തിൽ ആക്കി.

കൂട്ടുകാരെ നമ്മളും ചിലപ്പോൾ ഇങ്ങനെയൊക്കെയല്ലേ നമുക്കും ദൈവം ഓരോരോ കഴിവുകൾ തന്നിട്ടുണ്ട് ഇത് ആരെയും ചെറുതാക്കാനോ ആരുടെയും മുന്നിൽ വലുതാകാൻ അല്ല നമ്മുടെയും മറ്റുള്ളവരുടെയും കഴിവുകളെ അംഗീകരിച്ചും തമ്മിൽ ഐക്യത്തോടെയും എളിമയോടെയും ചേർന്നു കൊള്ളുക എന്നാൽ നിങ്ങൾക്ക് ജീവിതത്തിൽ വിജയം ഉണ്ടാകും

**Ashna v raj - VIII B**

# ഒരു പെൺകുട്ടിയുടെ ജീവിത കഥ

വളരെ ദൂരെ നെല്ലിമല എന്ന സ്ഥലത്ത് രേവതി എന്ന പെൺകുട്ടി ഉണ്ടായിരുന്നു. രേവതി ഒരു മിടുക്കിക്കുട്ടിയാണ്. രേവതിയുടെ വീട്ടിൽ അവളുടെ അച്ഛൻ അമ്മ അനിയത്തിമാർ എന്നിവരാണ് ഉള്ളത്. രേവതിയുടെ അച്ഛൻ ഒരു കൂലിപ്പണിക്കാരനാണ് അമ്മയ്ക്ക് ജോലിയൊന്നുമില്ല. കാശിനു കുറച്ച് കുറവുണ്ടെങ്കിലും സന്തോഷകരമായ ജീവിതമായിരുന്നു രേവതിയുടെയും കുടുംബത്തെയും.രേവതിക്ക് ഒരു ഡോക്ടർ ആവണം എന്നതായിരുന്നു ആഗ്രഹം.

സന്തോഷകരമായ ജീവിതമായിരുന്ന രേവതിയുടെയും കുടുംബത്തിന്റെയും ജീവിതം പെട്ടെന്ന് മാറിമറിഞ്ഞു ഒരു ദുഃഖ വാർത്ത അവരുടെ വീട്ടിലേക്ക് എത്തി അവരുടെ അമ്മയ്ക്ക് മാരകമായ രോഗം കാൻസർ. അമ്മ കിടപ്പിലായി കൂലിപ്പണിക്കാരനായ അച്ഛനു കിട്ടുന്ന തുച്ഛമായ പൈസ കൊണ്ട് ചികിത്സയ്ക്ക് കൊടുക്കാനോ മക്കളുടെ സ്കൂളിലെ ഫീസ് കൊടുക്കാനും കഴിയില്ല. എന്ത് ചെയ്യണമെന്ന് അറിയാതെ നിസഹായ അവസ്ഥയിൽ ആയി ആ കുടുംബം. അങ്ങനെ ഇരിക്കുമ്പോഴാണ് മറ്റൊരു ദുരന്തം അവരുടെ ജീവിതത്തിലേക്ക് എത്തുന്നത്. അവരുടെ അച്ഛൻ ഒരു വാഹനാപകടത്തിൽ മരണപ്പെട്ടു. ആ കുടുംബത്തിന്റെ ആകപ്പാടെ ഉള്ള ആശ്രയം അവരുടെ അച്ഛൻ ആയിരുന്നു എന്നാൽ ഇപ്പോൾ അച്ഛനും മരണപ്പെട്ടു. ആ കുടുംബത്തിന്റെ ഉത്തരവാദിത്തങ്ങൾ ചെയുക എന്നത് രേവതിയുടെ കടമയായി. അനിയത്തിമാരെ പഠിപ്പിക്കണം 15 വയസ്സ് മാത്രം പ്രായമുള്ള ആ പെൺകുട്ടി എന്ത് ചെയ്യും. ജീവിതമേ അവസാനിച്ചു ഇന്ന് ചിന്തിച്ചു പോയി ആ പെൺകുട്ടി. എന്നാൽ തളർന്നിരിക്കാതെ ജീവിത പരീക്ഷണങ്ങളെ നേരിടാൻ അവൾ തീരുമാനിച്ചു. വീടിനടുത്തുള്ള കൊച്ചു കുട്ടികളെ ട്യൂഷൻ എടുക്കുകയും , സ്കൂൾ കഴിഞ്ഞ് വീട്ടിലെത്തി അടുത്തുള്ള വീടുകളിലെ വീട്ടുജോലികൾ ചെയ്യാൻ പോവുകയും ചെയ്തു. രാത്രിയിൽ കഷ്ടപ്പെട്ടിരുന്നു പഠിച്ചു വർഷങ്ങൾ കഴിഞ്ഞു ഇന്ന് ആ പെൺകുട്ടി ലോകം മുഴുവൻ അറിയുന്ന ഒരു ഡോക്ടറാണ് അവളുടെ അമ്മയുടെ രോഗം മാറി . അനിയത്തിമാർ പഠിച്ച് വലിയ സ്ഥാനങ്ങളിൽ എത്തി.അതാണ് ജീവിതം ധാരാളം പരീക്ഷണങ്ങൾ ഉണ്ടാകും. അതു മനസ്സിലാക്കി അതിജീവിച്ചാൽ ജീവിതം മനോഹരമായി തീരും.

Akhila Chandran
9B

# എന്റെ കൊച്ചമ്മമാർ

ഞാൻ എട്ടാം ക്ലാസിലാണ് ബാലികാമഠത്തിൽ വന്നത്. ആദ്യം ഒക്കെ ഞാൻ ഒറ്റപ്പെട്ടതായി തോന്നി. പിന്നെ പിന്നെ എനിക്ക് സുഹൃത്തുക്കളെ കിട്ടിത്തുടങ്ങി. ഇപ്പോൾ എനിക്ക് ചുറ്റും സുഹൃത്തുക്കളാണ് .ഞാൻ ഇതുവരെ പഠിച്ച സ്കൂളുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ അനുഭവമാണ് ഈ സ്കൂളിൽ നിന്നും എനിക്ക് ലഭിച്ചത് .അതിൽ ഏറ്റവും കൗതുകകരമായി തോന്നിയത് അധ്യാപകരെ കൊച്ചമ്മ എന്ന് വിളിക്കുന്നതായിരുന്നു. ആദ്യം കൊച്ചമ്മ എന്ന് വിളിക്കുമ്പോൾ എനിക്ക് ഒന്നും തോന്നിയിരുന്നില്ല എന്നാൽ ഇപ്പോൾ എനിക്ക് അങ്ങനെയല്ല ഓരോ പ്രാവശ്യം കൊച്ചമ്മ എന്ന് വിളിക്കുമ്പോൾ ആ അധ്യാപിക എന്റെ ആരൊക്കെ ആണെന്ന് തോന്നും. ചില സമയത്ത് എന്റെ മാതാപിതാക്കളെക്കാൾ ഇഷ്ടമാണ് എനിക്ക് എന്റെ കൊച്ചമ്മമാരെ. അത്രയ്ക്കും നമ്മളെ സ്നേഹിക്കുകയും നമ്മുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാറുണ്ട് കൊച്ചമ്മമാർ. സത്യം പറഞ്ഞാൽ ഞാൻ ഞാനായി മാറിയത് ഇവിടെ വന്നതിനുശേഷം ആണ്. എന്നിൽ എന്തൊക്കെ കഴിവുകൾ ഉണ്ട് ,എനിക്ക് എന്തൊക്കെ ചെയ്യാൻ കഴിയും എന്ന് എനിക്ക് മനസ്സിലാക്കി തന്നത് എന്റെ കൊച്ചമ്മമാരാണ്. ജീവിതത്തിൽ തെറ്റ് ഏതാണ് ശരി ഏതാണ് എന്ന് മനസ്സിലാക്കാനുള്ള കഴിവ് എനിക്ക് ഇവിടെ വന്നതിനുശേഷമാണ് ലഭിച്ചത്. ഒരു അധ്യാപികയും കുട്ടിയും തമ്മിലുള്ള സ്നേഹം എത്ര മനോഹരവും സുന്ദരവും ആണെന്ന് എനിക്ക് മനസ്സിലായത് ഇവിടുത്തെ കൊച്ചമ്മമാർക്ക് ഞങ്ങളോടുള്ള സ്നേഹം കണ്ടപ്പോഴാണ്. സൗഹൃദ ബന്ധത്തിന്റെ മനോഹാരിതയും ഇവിടെ വന്നതിനുശേഷം ആണ് ഞാൻ അനുഭവിച്ചറിഞ്ഞത്. ഈ സ്കൂളിൽ നിന്നും ഒരുപാട് അനുഭവങ്ങൾ എനിക്ക് ലഭിച്ചിട്ടുണ്ട് അതെല്ലാം ഒരുമിച്ച് വച്ച് നോക്കിയപ്പോൾ എനിക്ക് ഒരു മെസ്സേജ് ആണ് ലഭിച്ചത്: നമ്മുടെ ജീവിതത്തിൽ ഒരുപാട് പേരെ നമ്മൾ പരിചയപ്പെടും അതിൽ ചിലർ നമ്മളെ വേദനിപ്പിക്കും ചിലർ സന്തോഷിപ്പിക്കും ചിലർ വെറുപ്പിക്കും എന്നാൽ അതിൽ നിന്ന് നല്ലത് മാത്രം തിരഞ്ഞെടുക്കാൻ നമുക്ക് കഴിയണം എന്റെ ഈ എഴുത്ത് വെറുമൊരു എഴുത്തല്ല ഇതിൽ ഞാൻ ഓരോ വാക്ക് എഴുതുമ്പോഴും അതെന്റെ മനസ്സിൽ തട്ടി എഴുതിയതാണ്.



**മീഖൽ അന്ന റോബിൻ- 9B**

## എന്റെ വിദ്യാലയ അനുഭവങ്ങൾ

പത്തനംതിട്ട ജില്ലയിലെ പുരാതനമായ സ്കൂളുകളിൽ ഒന്നാണ് എന്റെ വിദ്യാലയമായ ബാലികാമഠം സ്കൂൾ. അവിടെയാണ് ഞാൻ യു. പി മുതൽ പഠിക്കുന്നത് വിശാലമായ ഗ്രൗണ്ടും മനോഹരമായ പൂന്തോട്ടവും പല വൈവിധ്യമാർന്ന മരങ്ങളും എന്റെ സ്കൂളിന്റെ പ്രത്യേകതയാണ്. കൊച്ചമ്മ എന്ന നാമത്തിലാണ് ഞങ്ങൾ ടീച്ചറുമാരെ വിളിക്കുന്നത്. അത് ഞങ്ങളുടെ സ്കൂളിന്റെ സവിശേഷതയിലൊന്നാണ്. പഠനത്തോടൊപ്പം പല തരത്തിലുള്ള വർക്ക് എക്സ്പീരിയൻസ്, ഐ റ്റി ലാബ് എന്നിവ ഞങ്ങളുടെ സ്കൂളിൽ ഉണ്ട്. ഞങ്ങളുടെ കൊച്ചമ്മമാർ ഞങ്ങളെ പഠിപ്പിക്കാറുണ്ട്. വൃത്തിയുള്ള ക്ലാസ്സുകളും പരിസരവുമാണ് ഞങ്ങളുടെ സ്കൂളുകളിൽ ഉള്ളത് '. എന്റെ സ്കൂളിനെ കുറിച്ച് ഓർത്ത് എനിക്ക് അഭിമാനം ഉണ്ട്.....

റോണിയ മേരി റെജി - 8 B

# കവിതകൾ


### സ്നേഹമാണ് അമ്മ



ഞാൻ ഒന്നു കരയുമ്പോൾ
ഓടി വരുന്ന സ്നേഹമാണമ്മ
അമ്മയെന്നുള്ള രണ്ട് അക്ഷരമാണ്
ഒരു പൈതലിൽ നിന്നാദ്യം ഉതിരുന്നത്
വിശക്കുമ്പോൾ ചോറും
ദാഹിക്കുംമ്പോൾ വെള്ളവുമായി എത്തും അമ്മ
എല്ലാം സഹിക്കുന്ന ദേവിയാണമ്മ
അമ്മയിൽ നിന്നു വന്ന എനിക്ക്

**Abigail Blessen – 8C**

മണ്ണിനടിയിലെ ചില വിത്തുകൾ
പോലെയാണ് പ്രണയം.....
ചിലത് ഒറ്റ മഴയിൽ തന്നെ
മുളപൊട്ടും
ചിലത് പെരുമഴയിലും....
മറ്റ ചിലതങ്ങനെ ആകാശം
കാണാതെ,
മണ്ണിനടിയിൽ കിടന്നു
ചീഞ്ഞുപോകും.......!



**ASWATHY S- 9**

പ്രകൃതിയാകുന്ന വികൃതി


പുലർകാലേ എന്നെ തട്ടി ഉണർത്താൻ വരും പ്രകൃതി.
എന്നെ വിളിച്ചുണർത്തുന്ന സൂര്യ രശ്മി ആകുന്ന
കിരണങ്ങളുടെ വികൃതി.
കോകിലങ്ങളുടെ മാധുര്യനാദത്താൽ
എൻ കർണം ആനന്ദഭരിതമാകുന്നു.
മന്ദമാരുത സ്പർശനത്താൽ
വൃക്ഷലതാദികൾ നൃത്തമാടുന്നു.
എത്ര മനോഹരം എൻറെ പ്രഭാതം.
കിഴക്കുദിച്ചുയർന്ന സൂര്യൻ
പടിഞ്ഞാറേക്ക് ആകുന്നു.
വെയിൽ മങ്ങുന്നു.
മിന്നാമിന്നികൾ തങ്ങളുടെ പ്രകാശം പരത്തുന്നു.
ചന്ദ്രകാന്തിയാൽ പ്രകാശം ഉുകുന്നിതാമാനം.
നിലാവിൽ ഒരു കൂട്ടുകാരനായി അമ്പിളിമാമൻ.
സുഗന്ധം പരത്തും നിശാപുഷ്പങ്ങൾ.
എത്ര മനോഹരം എന്റെ സന്ധ്യ,
എത്ര മനോഹരം എന്റെ പ്രകൃതി അമ്മ.

Achsah Susan Jacob- 8B

# കാണാതെപോയ കുട്ടി


പണ്ട് പണ്ട് ഇഗ്ലണ്ട് എന്നാ രാജ്യത്തെ ധനികരായ ആളുകൾ താമസിച്ചിരുന്ന ഒരു ഗ്രാമം.അവിടെയാണ് ഫർണാൻഡസ് ‌ സിലിയ എന്നിവരും ഇവരുടെ മക്കളായ ക്രിസ്സും റോമയും താമസിച്ചിരുന്നത്. ഒരു ദിവസം സിലിയ തന്റെ സുഖമില്ലാത്ത ആന്റിയെ ശുശ്രൂഷിക്കാൻ അവരുടെ വീട്ടിലേക്കുപോയി. ആ സമയത്ത് ക്രിസ്സും റോമയും പുൽത്തകിടിയിൽ കളിക്കുകയായിരുന്നു. അപ്പോൾ അവരുടെ അരികിൽ ഒരു വണ്ടി വന്നു ആൾ അവർക്കു മിഠായി കൊടുത്തു. കുട്ടികൾ ആ വണ്ടിയിൽ കയറി പോകുകയും ചെയ്തു. സിലിയ തിരിച്ചു വീട്ടിൽ വന്നപ്പോൾ റോമ മാത്രം തിരിച്ചുവന്നു കയ്യിൽ മിഠായി ചുരുട്ടി പിടിച്ചിരിക്കുന്ന സിലിയ ചോദിച്ചു ഈ മിഠായി ഇടിവിടുന്നാണ്.റോമ നിഷ്കളങ്കമായി പറഞ്ഞു കുതിരവണ്ടിക്കാരൻ തന്നതാണ്. സിലിയയും റോമയും ക്രിസ്സിനെ അന്വേഷിക്കാൻ തുടങ്ങി ഫർണാണ്ടാസും വന്നു. പക്ഷെ അവർക്കോ പോലീസിനോ ക്രിസ്സിനെ കണ്ടെത്താനായില്ല. ഇപ്പോളും ക്രിസ്സ് എന്നാ കുട്ടി എവിടെയാണ് എന്നുള്ള സത്യം മറഞ്ഞിരിക്കുകയാണ്.

GODSEE SARA JOSEPH - 9C


നക്ഷത്രപ്പൂക്കൾ
മാനത്തു നിന്നെന്നും
നോക്കി ചിരിക്കുന്ന
ഒറ്റ നക്ഷത്രം
മഴയത്തു മണ്ണിൽ
വിത്തായി മുളച്ചൊരു
മരമായി വാനം മുട്ടെ
വളർന്നതിൽ നിറയെ
നക്ഷത്രപ്പൂക്കൾ
പൂത്തു വിടർന്നതും
സ്വപ്നം കണ്ടുറങ്ങിപ്പോയി
മേബിൽ സൂസൻ മോൻസി 9C


ജൂണിലെ മഴ
ചേമ്പില ചൂടി
പള്ളികുടത്തിലേക്കും
സ്ലേറ്റ് ചൂടി
വീട്ടിലേക്കും ഓടിയ കുട്ടികാലം
ഓർമ്മയാകുന്നു
കാലവർഷം ഇതാ
ന്യൂനമർദത്തെയും
കാത്തിരിക്കുന്നു
ABIYA MARY CHERIAN - 9C




**ADITHYA RAMESH - 9C**







**ANURADHA NAIR - 8B**

# FRIENDSHIP

Special are those people
whom we call friends.
There is nothing on this earth
more to cherish than true
friendship and friend.
The bond of friendship
blossom with time
with caring, sharing and a million
little things
we do from time to time.
Friendship is a rainbow.
With several vibrant friends
some kind, some humorous
some with funny and naughty
trends.
The essence of friendship lies in
understanding,
love and kindness.
Let us all weave the threads of
friendship
with generosity and brightness.
I pray and thank god everyday



DIYA SUSAN SIBU - 8B

# Query On The Net

I shot a Query into the Net
I haven't got an answer yet,
But seven people gave me hell.
And said I ought to learn to spell;
A posted message called me rotten
For ignoring Mail - I'd never gotten;
An angry Message asked me
" Please don't send such drivel Overseas ";
A lawyer send me private mail
And swore he'd slip me to jail
I'd mentioned Unix in my gem
And failed to add the T and M;
One netter thought it was a hoax,
" Here after, post to Net dot jokes! ";
Another called my grammar vile
And criticized my writing style.
Each day I scan each subject line
In hopes that the topic will be mine;
I shot a Query into the Net
I haven't got an answer yet.

Nevan Anil Abraham – VIII C

# DRUG ABUSE

Drug abuse, also known as Drug addiction is defined as chronic, relapsing brain disease that is characterized by compulsive drug seeking and use, despite its harmful consequences. The initial decision of drug taking is voluntary but repeated uses leads to its addiction. Addiction of any form is dangerous. What is even more worse is that mostly young children and youth are hit by this storm. Most illicit use of drugs starts at the age of 16-17 years of age. It starts with merely smoking of cigarettes and gradually drowns the person into the trap of drug abuse. Stress, anxiety, peer pressure, poverty are some of the main causes of drug abuse.As is well said-"it is never too late". Therefore, we all need to focus strictly on this important matter now. Government should set targets to reduce the drug-abuse levels. It should ensure that efficient preventive measure are been taken. At our individual level we should contribute effectively in eradicating this problem. Besides, it is a major responsibility on parents to talk to their children and shape up their minds positively. They should not pressurize them academically and socially so much that they fall into this menace. Parental control including a healthy home environment is a must for controlling drug addiction. Parents, the guiding light must teach their children to feel empathy and compassion for others

Drug abuse involves compulsive and excessive intake of drugs over a period of time. Repeated use of drugs results in developing addiction that has harmful repercussions. It is a problem that directly impacts the structure and functioning of the brain causing grave damage to it. Drug abuse, a term used for obsessive and excessive use of drugs, is a common problem these days. Regular use of drugs is self damaging. It leads to addiction and causes behavioural changes. Drug abuse particularly impacts the brain and can also lead to other health issues such as kidney failure and heart problem.



Advances in neuroscience may help improve policies to reduce the harm that the use of tobacco, alcohol, and other psychoactive drugs impose on society.

**SNEHA SAJI – 10 A**

# BROKEN FAIRY RIVER

Why cant i see them?.... Thats because they no longer live in earth my child

Nathan, a 10 yr old boy lived with his aunt Mary. She was the local guardian of Nathan ever since her sister and husband died in a car accident. She took care of Nathan just like her own son. She loved him so much....

Maryyy.... im going to school see you later....

Ok honey see you

AT SCHOOL

Hey Nathan... said his best friend johan waving at him. He looked back and waved at johan too. Have you heard the new rumor? Said johan. No what is it?

There is this place near the riverside. People say this is the broken fairy river.

Why is it said like that.? Because if you reach the broken fairy river then she will tell you the naked truth and that will make you broken. Oh really, i dont believe in these kind of stuffs

Really.. try it then

Nope. No time to do that

BELL RINGS...........

Bie Nathan see you in next class

Biee

AFTER SCHOOL

Nathan was walking home. He thought about what his best friend told him about and felt curious. He searched for the broken fairy river behind the school and he reached his location

He waited there for some minutes but nothing happened. When he was about to leave he felt a presence near him. He turned back to see a tiny moving creature. And when it flew towards him he was taken aback

He was exicted too. Is this the broken fairy? How did she live here? Why did she live here? Is there any more in here? Thousands of questions came in his mindThe fairy came towards him and told relax son

Why did you come here?

He told the incident that his friend told him

About and the fairy paused for a while and said i do tell people naked truths but i do not break their heart. How can i belive you? The boy asked

Fairy told him ti close his eyes and think of something that makes him sad.

He thought of his parents

The boy felt the fairy touching his hands and it felt like he was going into another world

This world had butterflies,flowers,trees and much more beautiful things. He started exploring the place and soon found two people looking at each other. They had tears of joys in their eyes. It was Nathans parents. They were looking at little Nathan,their first baby boy who just turned one. They were such a perfect family.

Nathan looked at them in love

He had never seen his parents for a long time. He stared at them for minutes. He wanted to talk to them but the fairy stoped him saying they cant see you.. why? They no longer exist on earth my child. You cant go there. His heart suttered a little and he felt pain. They boys eyes teared up and tears started rolling on his cheeks like little pearls. The innocent face boy just wanted to live with his parents but he cannot.

Sometimes life is not what we expect, and its okay.

**ANDREA GRACE TOJI – 10B**





BILHA JAIN JOJI - 8B

# നന്ദിയോടെ......

"മുകുരം" എന്ന ഡിജിറ്റൽ മാഗസിന്റെ
ഏടുകൾക്ക് ഇവിടെ വിരാമം.  ഇതിനായി
അദ്ധ്വാനിച്ച അനേകരുണ്ട്.
അനുഗ്രഹവചസ്സുകളാൽ, സന്ദേശങ്ങളാൽ,
സർഗ്ഗാത്മക രചനകളാകുന്ന
ആക്ഷരക്കൂട്ടങ്ങളാൽ കൂടെ നിന്ന എല്ലാവർക്കും
ഓരായിരം നന്ദി.